| Name | | Roll Number | |
| --- | --- | --- | --- |

# INDIAN SCHOOL MUSCAT
## MIDDLE SECTION
## FINAL EXAMINATION 2017-18

## MALAYALAM

Code: MYML04

CLASS: VII

Time Allotted: 2 ½ Hrs.

08.03.2018

Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

Qns — Marks

1. **അർഥം എഴുതുക** — ½ x 5= 2½
   1. ശിരസ്സ്  2. ഒലി
   3. ഇരട്ടി  4. വിശ്വം
   5. ഉപഹാരം

2. **പര്യായം എഴുതുക** — 1 x 5= 5
   1. കണ്ണ്  2. ഭൂമി
   3. മരം  4. വാനം
   5. വീട്

3. **വിപരീതം എഴുതുക** — ½ x 5= 2½
   1. ശ്രദ്ധ  2. അക്കരെ
   3. ഭംഗി  4. വന്ദിച്ചു
   5. നരകം

4. **ഒറ്റപ്പദം എഴുതുക** — 1 x 5= 5
   1. കൂടെ യാത്ര ചെയ്യുന്നവൻ  2. കൃഷി ചെയ്യുന്നവൻ
   3. നിഷേധമായ അർഥം  4. സ്നേഹത്തിന്റെ പ്രദീപം
   5. ഒഴിയാത്ത ബാധ

5. **അർഥവ്യത്യാസം എഴുതുക** — 1 x 2= 2
   1. അല്ല്, അല്ലൽ
   2. ശുണ്ഠി, ശണ്ഠ

6. **എതിർലിംഗമെഴുതുക** ½ x 5= 2½

1. കാള 2. കുലീനൻ
3. അപ്പൂപ്പൻ 4. വൃദ്ധൻ
5. മകൻ

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5= 2½

1. മുണ്ടനം, മുണ്ഡനം, മുണ്ഠനം
2. വൃന്ദം, വൃന്ധം, വൃന്തം
3. അരിസം, അരിഷം, അരിശം
4. കൗതുകം, കൗധുകം, കൗദുകം
5. പരിവേശം, പരിവേഷം, പരിവേക്ഷം

8. **നാനാർഥം എഴുതുക** 1 x 5= 5

1. ജാതി 2. വട്ടം
3. വർഷം 4. അജം
5. ചിത്രം

9. **വിഗ്രഹിച്ചെഴുതുക** 1 x 5= 5

1. ഇടിമുഴക്കം 2. തീവണ്ടിമുറി
3. അച്ഛനമ്മമാർ 4. ആരോമലുണ്ണി
5. രാജകൊട്ടാരം

10. **പിരിച്ചെഴുതുക** 1 x 4= 4

1. ഗംഭീരമായിരുന്നു 2. തലയനക്കി
3. പൊട്ടിച്ചിരിച്ചു 4. മൗനത്തിലിരുന്ന

11. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. മനസ്സില്ലാമനസ്സോടെ
2. കൈക്കലാക്കുക

12. **പ്രയോഗം മാറ്റുക** 1 x 2= 2

1. മുത്തശ്ശി കൊച്ചുമോനെ ചുംബിച്ചു.
2. അധികാരി കാസിമിനെ ചോദ്യം ചെയ്തു.

13. **പകരംപദം എഴുതുക** ½ x 2= 1

1. കണ്ണു കാണാത്തവൻ
2. സംസാരിക്കാൻ കഴിയാത്തവൻ

14. **ചേരുംപടി ചേർക്കുക** 1 x 4= 4

1. ഒലി - എം. കെ. ഗാന്ധി
2. വിശ്വദീപം - മിസ്റ്റർ ഗയിൽസ്
3. എൻെറ കുട്ടിക്കാലം - മേരി ജോൺ കൂത്താട്ടുകുളം
4. വിദ്യാഭ്യാസ ഇൻസ്പെക്ടർ - ഒളപ്പമണ്ണ

15. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1 x 4= 4

1. "കണ്ടാൽ മനസ്സിലായില്ലെങ്കിൽ പിന്നെയെങ്ങനെ കേട്ടാൽ മനസ്സിലാകും?" –ആരുടെ വാക്കുകളാണിത്?
2. മകൻെറ അതിധന്യമായ സുവിശേഷം ആരോട് പറഞ്ഞപ്പോഴാണ് ആട്ടിടയന്മാർക്ക് ജന്മസാഫല്യമുണ്ടായത്?
3. 'നോക്ക്യേ എന്തു ഭംഗ്യാ അതിനെന്ന്'–ഭംഗിയുള്ള കുന്നിൻെറ അടുത്തേക്ക് കുസൃതിക്കുട്ടിയെ കൊണ്ടു പോയതാര്?
4. 'ഞാൻ ആ വാക്ക് തെറ്റായിട്ടാണെഴുതിയത്'–കേട്ടെഴുത്ത് നടത്തിയപ്പോൾ ഗാന്ധി തെറ്റായിട്ടെഴുതിയ വാക്കേത്?

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5 x 1= 5

കിഴവനാണെങ്കിലു..........................................

......................................................

.......................................................

........................................കാത്തിരിക്കും. (10 വരികൾ)

17. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് പൂരിപ്പിക്കുക** 1 x 5= 5

1. "അവർ ചുണ്ടിലിട്ട് ആ പേര് ഉരുക്കഴിച്ചു"–സഹയാത്രികർ ഉരുക്കഴിച്ച ആ പേര് -------- എന്നതായിരുന്നു.
   (ശ്രീനാരായണഗുരു, സ്വാമിവിവേകാനന്ദൻ, മഹാത്മാഗാന്ധി)
2. വൃദ്ധൻ, ------ കണ്ടം കിളയ്ക്കുന്നതും നോക്കി നട്ടുച്ച വരെ വയലിൻ വരമ്പത്ത് ചടഞ്ഞിരിക്കും.
   (കാളകൾ, പെണ്ണുങ്ങൾ, മക്കൾ)
3. "വൈകാതെ ചെന്നവർ നിന്നു"-ആട്ടിടയർ ചെന്നു നിന്നത് ----- യുടെ മുമ്പിലായിരുന്നു.
   (ചിത്രശാല, ഗോശാല, പാഠശാല )
4. പണ്ട് -----ൽ അബുകാസിം എന്നു പേരായ ഒരു മരുന്നു വില്പനക്കാരനുണ്ടായിരുന്നു.
   (കെയ്റോയിൽ, പാരീസിൽ, രാജസ്ഥാനിൽ)
5. അന്ധരായ മാതാപിതാക്കളെ ------- തീർത്ഥാടനത്തിനു കൊണ്ടു പോകുന്ന ചിത്രം ഗാന്ധിയുടെ മനസ്സ് കുളിർപ്പിച്ചു.
   (ഹരിശ്ചന്ദ്രൻ, സഞ്ചാരികൾ, ശ്രാവണൻ)

18. **ഉത്തരം എഴുതുക** 2 x 6= 12

1. വൃദ്ധനായ കൃഷിക്കാരൻെറ ദിനചര്യ എന്തായിരുന്നു?
2. നല്ല മനുഷ്യൻെറ ലക്ഷണമെന്ത്?
3. ശ്രാവണൻെറ കഥയും ഹരിശ്ചന്ദ്രൻെറ നാടകവും ഗാന്ധിജിയെ എങ്ങനെയാണ് സ്വാധീനിച്ചത്?

4. ഉണ്ണിയേശുവിനെ കാണാൻ ആട്ടിടയർ പുറപ്പെട്ട സമയത്തിൻെറ സവിശേഷതകൾ 'വിശ്വദീപം' എന്ന കവിതയിൽ വർണിച്ചിരിക്കുന്നതെങ്ങനെ?
5. അപ്പൂപ്പൻ കൊച്ചുമോനെ ബോധ്യപ്പെടുത്തിയ സംഗതിയെന്ത്?
6. കാസിമിൻെറ ചെരുപ്പിനെ കുറിച്ച് നാട്ടിൽ നടന്ന ചർച്ചകൾ എന്തെല്ലാം?

19. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5 x 1= 5

കുട്ടികളുടെ മാനസികവും വൈകാരികവും ആയ വളർച്ച ലക്ഷ്യമാക്കിയും അവരുടെ കലാഭിരുചിയെ ഏറെ പോഷിപ്പിച്ചുമാണ് കുട്ടികളുടെ നാടകവേദി കേരളത്തിൽ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ പദ്ധതിയുമായി ഈ നാടകവേദിയെ ബന്ധപ്പെടുത്താൻ സാധിക്കാത്തതിനാൽ ഈ വേദി കുട്ടികളുടെ ഇടയിൽ ഇപ്പോഴും ശ്രദ്ധേയമാകാതെ നിലനിൽക്കുന്നു. കുട്ടികൾക്കു വേണ്ടി എഴുതപ്പെട്ട നാടകങ്ങൾ കുട്ടികൾ തന്നെയാണ് രംഗത്ത് അവതരിപ്പിക്കുന്നത്. കുട്ടികളുടെ നാടകവേദി യാഥാർത്ഥ്യമാക്കുന്നതിൽ പ്രവർത്തിച്ചവരിൽ പ്രമുഖൻ പ്രശസ്ത നാടകകൃത്ത് ജി. ശങ്കരപ്പിള്ളയാണ്. തിരുവനന്തപുരത്തെ വെഞ്ഞാറമ്മൂട്ടിൽ പ്രവർത്തിക്കുന്ന 'രംഗപ്രഭാത്' എന്ന കുട്ടികളുടെ നാടകവേദിയുടെ പ്രവർത്തനം ശ്രദ്ധേയമാണ്. ഒരു നാടകവേദിയിൽ നാല് ഘടകങ്ങളുണ്ട്.നാടകകൃത്ത്, അരങ്ങ്, നടൻ, പ്രേക്ഷകൻ. ഇതിൽ നാടകവേദിയുടെ മുഖ്യസ്വഭാവം വെളിപ്പെടുത്തുന്നത് ഒടുവിലത്തെ ഘടകമാണ്–പ്രേക്ഷകൻ. കുട്ടികളുടെ നാടകത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മുഖ്യമായ ഘടകം കുട്ടികളുടെ പ്രേക്ഷകസദസ്സാണ്. കുട്ടികളുടെ സദസ്സിന് അഭിരുചിയുള്ള ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാവൂ.

1. കുട്ടികളുടെ നാടകവേദി കേരളത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ?
2. കുട്ടികളുടെ നാടകവേദി യാഥാർത്ഥ്യമാക്കുന്നതിൽ പ്രവർത്തിച്ചവരിൽ പ്രമുഖൻ ആരായിരുന്നു?
3. കുട്ടികളുടെ നാടകത്തെ സംബന്ധിച്ചിടത്തോളം മുഖ്യമായ ഘടകം ഏതാണ്?
4. എങ്ങനെയുള്ള ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാവൂ?
5. കുട്ടികൾക്കു വേണ്ടി എഴുതപ്പെട്ട നാടകങ്ങൾ രംഗത്ത് അവതരിപ്പിക്കുന്നത് ആരാണ്?
6. തിരുവനന്തപുരത്തെ വെഞ്ഞാറമ്മൂട്ടിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ നാടകവേദി ഏതാണ്?

20. **ആശയം വിപുലീകരിച്ചെഴുതുക** 3 x 1= 3

"വിദ്യാധനം സർവധനാൽ പ്രധാനം"

അല്ലെങ്കിൽ

"ചൊട്ടയിലെ ശീലം ചുടല വരെ"